

# ജില്ലകളിലൂടെ - 13

കാസർഗോഡ് ജില്ലയിൽ കോവിഡ് 19ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കിയതുമായ പ്രത്യേക പ്രവർത്തനങ്ങളെക്കുറിച്ച് ജില്ലകളിലൂടെ എന്ന ഈ Making an Impact ലേഖന പരമ്പരയിലെ വിഭാഗത്തിൽ ഇന്ന് കുറിക്കാം. കഴിഞ്ഞ ദിവസങ്ങളിലായി നൽകിയിരുന്ന 12 ജില്ലകളുടെയും പ്രവർത്തനങ്ങൾ നിങ്ങൾ വായിച്ചിരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

**കനിവോടെ കാസർഗോഡ്**

ജില്ലയിലെ 42 സിഡിഎസുകളിലായി (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ- അയൽക്കൂട്ടങ്ങളുടെ പഞ്ചായത്ത് തല ഫെഡറേഷനുകൾ) 11,204 അയൽക്കൂട്ടങ്ങളിലായി 1,78,664 വനിതകളാണ് അംഗങ്ങളായുള്ളത്.

1. അതിഥി തൊഴിലാളികൾക്ക് അവർക്കിഷ്ടപ്പെട്ട ഭക്ഷണം :

ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ദിവസേനയുള്ള ജോലി ചെയ്യാനോ സ്വന്തം നാട്ടിലേക്ക് തിരികെ പോകാനോ കഴിയാതെ വന്ന് പ്രതിസന്ധിയിലായ അതിഥി തൊഴിലാളികൾക്ക് അവർക്കിഷ്ടമുള്ള ഭക്ഷണം തയാറാക്കി നൽകുന്ന പ്രവർത്തനം നടത്തി കാസർഗോഡ് ജില്ല. ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്ത് സിഡിഎസിന്റെ നേതൃത്വത്തിലാണ് പഞ്ചായത്തിലുള്ള നൂറിലേറെ അതിഥി തൊഴിലാളികൾക്ക് ഭക്ഷണം തയാറാക്കി നൽകിയത്. മാർച്ച് 28ന് ആരംഭിച്ച പ്രവർത്തനം മേയ് ഏഴ് വരെ നീണ്ടു. പഞ്ചായത്തുമായി സംയോജിച്ച് കുടുംബശ്രീ സിഡിഎസ് ഇവിടെ കമ്മ്യൂണിറ്റി കിച്ചണും

പ്രവർത്തിപ്പിച്ചു. ഇതിനൊപ്പമാണ് അതിഥി തൊഴിലാളികൾക്കായി പ്രത്യേക ഭക്ഷണം ഒരുക്കിയത്. തവന ഗവൺമെന്റ് എൽ.പി സ്കൂളിലാണ് സിഡിഎസിന്റെ നിർദ്ദേശ പ്രകാരം പഞ്ചായത്തിലെ നാലാം വാർഡിലുള്ള നവജ്യോതി കുടുംബശ്രീ യൂണിറ്റ് അതിഥി തൊഴിലാളികൾക്കായി ഭക്ഷണം തയാറാക്കി നൽകിയത്. ചപ്പാത്തിയും പൊറോട്ടോയും കറികളുമാണ് പ്രധാനമായും തയാറാക്കി നൽകുന്നത്. പാഴ്സലാക്കിയ ഭക്ഷണം വാർഡ് മെമ്പർ, വാർഡിലെ ജാഗ്രതാ സമിതി അംഗങ്ങൾ, സന്നദ്ധ വോളന്റിയർമാർ എന്നിവരുടെ സഹായത്തോടെ അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ എത്തിച്ച് നൽകുകയാണ് ചെയ്തത്.

**2. അയൽക്കൂട്ട വനിതകളുടെ കലാമികവ് ഫേസ്ബുക്കിലൂടെ :**

അയൽക്കൂട്ട വനിതകളിലെ കലാകാരികളുടെ കലാപ്രകടനം ലോക്ഡൗൺ കാലത്ത് ജില്ലാ ടീമിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ തത്സമയം ലോകത്തിന് മുന്നിൽ എത്തിക്കുന്ന പ്രവർത്തനം ഏറെ പൊതുജനശ്രദ്ധ നേടി. ഏപ്രിൽ 14 മുതൽ ആരംഭിച്ച ഈ പ്രവർത്തനം മേയ് 24 വരെയായിരുന്നു. കുടുംബശ്രീ കലോത്സവമായ അരങ്ങിൽ കഴിഞ്ഞ മൂന്ന് തവണയും സംസ്ഥാനതലത്തിൽ ഒന്നാമതെത്തിയ കാസർഗോഡ് ജില്ലയിലെ അയൽക്കൂട്ട വനിതകളെ ചേർത്ത് രൂപം നൽകിയ സംരംഭമായ കുടുംബശ്രീ തീയേറ്ററിലെ കലാകാരികളാണ് എല്ലാ ദിവസവും വൈകുന്നേരം അഞ്ചിന് തത്സമയ പ്രകടനങ്ങൾ കാഴ്ച്ചവയ്ക്കുന്നത്. പാട്ട്, മിമിക്രി, മോണോആക്ട്, നാടൻ പാട്ട് തുടങ്ങിയ കലാപരിപാടികളാണ് ഇങ്ങനെ അവതരിപ്പിക്കുന്നത്.

**3. ഭക്ഷ്യസുരക്ഷയ്ക്കായി :**

ഭക്ഷ്യസുരക്ഷയ്ക്കായി ജില്ലാ ടീം തയാറാക്കിയ 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്', 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' എന്ന പേരിലുള്ള ക്യാമ്പെയ്ൻ മേയ് നാല് മുതൽ ജില്ലയിൽ നടപ്പിലാക്കി തുടങ്ങി. അയൽക്കൂട്ടങ്ങളും പട്ടിക വർഗ്ഗ അയൽക്കൂട്ടങ്ങളും വഴിയാണ് ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ നടത്തുന്നത്. ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ സ്വയം പര്യാപ്ത നേടാൻ ലക്ഷ്യമിട്ടുള്ള ഈ ക്യാമ്പെയ്ൻ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കൂടി ഉപയോഗപ്പെടുത്തുന്നു. തൊഴിലുറപ്പിന്റെ ഭാഗമായി പുരയിടങ്ങളിൽ ഇടവിള കൃഷി മാതൃകയിൽ ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി തുടങ്ങിയ വിളകൾ കൃഷി ചെയ്യുകയാണ് ചെയ്യുന്നത്. കൂടാതെ ഓരോ അയൽക്കൂട്ട അംഗവും സ്വന്തം വീട്ടിൽ മുരിങ്ങ, കറിവേപ്പില, വാഴ, പപ്പായ എന്നിവ നിർബന്ധമായും നടണമെന്നും ഓരോ അയൽക്കൂട്ടവും കൃഷി സംഘങ്ങൾ രൂപീകരിക്കുകയും കുറഞ്ഞത് 50 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങളുടെ കാർഷിക പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ക്യാമ്പെയ്ന്റെ ഭാഗമായി ഇതുവരെ 1129 പുതിയ കൃഷിസംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞു.

സംസ്ഥാനതലത്തിൽ രൂപീകരിച്ച് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ കൂടാതെ ഇത്തരത്തിലുള്ള മാതൃകാ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാസർഗോഡ് ജില്ലാ ടീം ഏവർക്കും പ്രചോദനമാണ്. ജില്ലാ ടീമിന് പൂർണ്ണപിന്തുണയേകുന്ന എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിക്കട്ടെ.